# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.259 | 09/03/2015 ൽ മറുപടിക്ക് |
|---|---|

**മുൻമുഖ്യമന്ത്രിയുടെ ബന്ധുവിന് ഭൂമി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എം.എ.വാഹിദ്<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.പി.എ.മാധവൻ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി, തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസിന്റെ അന്വേഷണം പൂർത്തിയാക്കി അന്വേഷണ റിപ്പോർട്ട് 03.12.2012 തീയതിയിൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഹൈക്കോടതി ഉത്തരവുപ്രകാരം കേസ്സിന്റെ തുടർനടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്. |
| (ബി) | പ്രസ്തുത കേസിൽ ആർക്കെല്ലാമെതിരെയാണ് കുറ്റപത്രം സമർപ്പിക്കാനുദ്ദേശിക്കുന്നത് ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ ; | (ബി) | 1.ശ്രീ.വി.എസ്.അച്യുതാനന്ദൻ - മുൻ മുഖ്യമന്ത്രി<br>2.ശ്രീ.കെ.പി.രാജേന്ദ്രൻ - മുൻ റവന്യൂ വകുപ്പ് മന്ത്രി<br>3.ശ്രീ.ടി.കെ.സോമൻ - സ്വകാര്യ വ്യക്തി.<br>4.ശ്രീ.എൻ.എ.കൃഷ്ണൻകുട്ടി ഐ.എ.എസ്. (റിട്ടയേർഡ്) - മുൻ ജില്ലാകളക്ടർ, കാസർഗോഡ്<br>5.ശ്രീ.എ.സുരേഷ്- മുൻ മുഖ്യമന്ത്രിയുടെ പേഴ്സണൽ അസിസ്റ്റന്റ് എന്നിവർക്കെതിരെ പ്രോസിക്യൂഷന് വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. |
| (സി) | കേസിന്മേലുള്ള അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) | ഈ കേസുമായി ബന്ധപ്പെട്ട് ശ്രീ.വി.എസ്.അച്യുതാനന്ദൻ സമർപ്പിച്ച ഹർജിയിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം കേസിന്റെ തുടർ നടപടികൾ സ്റ്റേചെയ്തിരിക്കുകയാണ് |

സെക്ഷൻ ആഫീസർ